377
3/2/2017

31

'ഭരണഭാഷ – മാതൃഭാഷ'

അഡീഷണൽ എക്സൈസ് കമ്മീഷണറുടെ കാര്യാലയം
(എൻഫോഴ്സ്മെന്റ്), നന്ദാവനം, തിരുവനന്തപുരം-33
✆ 0471-2322136 - ✉addlecenfo.exc@kerala.gov.in
✉exenforcement@gmail.com

എക്സ്.ജെ6-1538/15 തീയതി : 03.02.2017

# സർക്കുലർ

വിഷയം- എക്സൈസ് വകുപ്പ് - വകുപ്പുതല വാഹനങ്ങളുടെ കാര്യക്ഷമത, പരിപാലനം, പരിശോധന എന്നിവ ഉറപ്പാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ - സംബന്ധിച്ച്.

എക്സൈസ് വകുപ്പിന്റെ കീഴിലുള്ള സർക്കാർ വാഹനങ്ങളിൽ ഏറിയ പങ്കും കൃത്യമായ പരിപാലനത്തിന്റെ അഭാവത്താലും, അറ്റകുറ്റപണികൾ യഥാസമയം ചെയ്യാതെ ഉപയോഗിക്കുന്നതിനാലും ഓട്ടത്തിനിടയിൽ യന്ത്രത്തകരാറുകൾ സംഭവിച്ച് വാഹനം വഴിയിൽ കിടക്കുകയും അതിലുപരി വാഹനത്തിന്റെ പ്രവർത്തനക്ഷമതാ ദൈർഘ്യത്തെ സാരമായി ബാധിക്കുകയും തന്മൂലം റിപ്പയർ & മെയിന്റനൻസ് ചെലവുകൾ നാൾതോറും വർദ്ധിച്ചുവരുന്നതായും കാണുന്നു. വകുപ്പുതല വാഹനങ്ങളുടെ കസ്റ്റോഡിയൻ ഓഫീസർമാർ തങ്ങളുടെ അധീനതയിലുള്ള വാഹനത്തിന്റെ കാര്യക്ഷമതയും, പരിപാലനവും, പരിപൂർണ്ണമായി ഉറപ്പുവരുത്തി പ്രവർത്തിക്കുന്ന പക്ഷം അനാവശ്യ ചെലവുകൾ ഒഴിവാക്കുന്നതിനും ഏത് അടിയന്തിര സാഹചര്യത്തിലും എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾക്ക് തങ്ങളുടെ വാഹനം സുസജ്ജമാക്കുവാനും സാധിക്കുന്നതാണ്.

മേലുദ്യോഗസ്ഥർ തങ്ങളുടെ സബ് ഓഫീസുകൾ സന്ദർശിക്കുന്ന അവസരത്തിൽ ഓരോ ഓഫീസിലും അനുവദിക്കപ്പെട്ടിട്ടുള്ള വകുപ്പുതല വാഹനങ്ങളുടെയും വാഹന സംബന്ധമായ രേഖകളുടെയും പരിശോധനകൾ നടത്തേണ്ടതും അത്തരം സന്ദർഭങ്ങളിൽ ഏതെങ്കിലും തരത്തിലുള്ള അലംഭാവങ്ങളോ, അപാകതകളോ, ദുരുപയോഗങ്ങളോ ബോദ്ധ്യപ്പെട്ടാൽ അത്തരം വസ്തുതകൾ ടി വാഹനത്തിന്റെ ലോഗ് പുസ്തകത്തിൽ വിശദമായി രേഖപ്പെടുത്തേണ്ടതും ഗുരുതര വീഴ്ചകൾ ബോദ്ധ്യപ്പെടുന്ന പക്ഷം അതിന്മേൽ ഉചിതമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതുമാണ്.

മെക്കാനിക്കൽ എഞ്ചിനീയർ (എക്സൈസ്) ഔദ്യോഗിക സന്ദർശനം നടത്തുന്ന അവസരങ്ങളിൽ വകുപ്പുതല വാഹനങ്ങളുടെ നിലവിലെ സ്ഥിതി കൃത്യമായി പരിശോധിക്കുന്നതായിരിക്കും.

3/2/17

എ.വിജയൻ ഐ.പി.എസ്.
അഡീഷണൽ എക്സൈസ് കമ്മീഷണർ
(എൻഫോഴ്സ്മെന്റ്)

ഗ്രാഹകർ

അഡീഷണൽ എക്സൈസ് കമ്മീഷണർ (ഭരണം)
വിജിലൻസ് ഓഫീസർ (എക്സൈസ്)
പ്രിൻസിപ്പാൾ, SEARC, തൃശ്ശൂർ
എല്ലാ ജോയിന്റ് എക്സൈസ് കമ്മീഷണർമാർക്കും
എല്ലാ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർക്കും
എല്ലാ അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർമാർക്കും

പകർപ്പ്

എക്സൈസ് കമ്മീഷണർ, കേരളം, തിരുവനന്തപുരം (ഉപരിപത്രം സഹിതം).
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി